# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 25**

---

## എം.ജി എം.എഡ് പ്രവേശനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ടീച്ചേഴ്സ് ട്രെയിനിംഗ് കോളുകളിൽ എം.എഡ് പ്രോഗ്രാമിൽ ഏകജാലക പ്രവേശനത്തിന് ഒക്ടോബർ 26 വരെ രജിസ്റ്റർ ചെയ്യാം. ആദ്യ അലോട്ട്മെൻറ് ഒക്ടോബർ 28ന് പ്രസിദ്ധീകരിക്കും. നവംബർ ആറിന് ഒന്നാം സെമസ്റ്റർ ക്ലാസ് ആരംഭിക്കും.

(പി.ആർ.ഒ/39/1272/2023)

## ക്ലിനിക്കൽ സൈക്കോളജിസ്റ്റ്; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഓപ്പൺ വിഭാഗത്തിലെ ഒരു ഒഴിവിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഹെൽത്ത് സെൻററിലാണ് നിയമനം. വർഷാന്ത്യ വിലയിരുത്തലിൻറെ അടിസ്ഥാനത്തിൽ പരമാവധി മൂന്നു വർഷത്തേക്ക് സേവനം ദീർഘിപ്പിച്ചു നൽകാൻ സാധ്യതയുണ്ട്.

ക്ലിനിക്കൽ സൈക്കോളജിയിൽ എം.ഫിൽ ബിരുദവും ക്ലിനിക്കൽ സൈക്കോളജിസ്റ്റായി കുറഞ്ഞത് ഒരു വർഷത്തെ സേവന പരിചയവും ആണ് യോഗ്യത.

വേതനം പ്രതിമാസം 30000 രൂപ. പ്രായപരിധി 2023 ജനുവരി ഒന്നിന് 50 കവിയരുത്(പട്ടികജാതി, പട്ടിക വർഗ പിന്നോക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുകൾ ഉണ്ടാകും).

താൽപര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, അധികയോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഒക്ടോബർ 31 വരെ ada5@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ രജിസ്ട്രാർ,

മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-686560 എന്ന വിലാസത്തിൽ തപാൽ മുഖേനയോ അയക്കണം.

കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1273/2023)

## യു.ജി.സി-നെറ്റ്, ജെ.ആർ.എഫ് പരീക്ഷാ പരിശീലനം

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയമെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യുറോയുടെ ആഭിമുഖ്യത്തിൽ മാനവിക വിഷയങ്ങൾക്കായുള്ള യു.ജി.സി-നെറ്റ്, ജെ.ആർ.എഫ് പരീക്ഷയുടെ ജനറൽ പേപ്പറിൻറെ സൗജന്യ തീവ്രപരിശീലന പരിപാടി ആരംഭിക്കുന്നു. താൽപര്യമുള്ളവർ ഓഫീസിൽ നേരിട്ടെത്തി രജിസ്റ്റർ ചെയ്യണം. ഫോൺ- 0481-2731025

(പി.ആർ.ഒ/39/1274/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോമെഡിക്കൽ ഇൻസ്ട്രുമെൻറേഷൻ(2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷൻ സപ്ലിമെൻററി, 2018 അഡ്മിഷന് ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് - സെപ്റ്റംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഈ മാസം 28 മുതൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1275/2023)

## പരീക്ഷാ ഫലം

ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം. എ ഹ്യുമൻ റിസോഴ്സ് മാനേജ്മെൻറ് (2021 അഡ്മിഷൻ റഗുലർ) മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻറ്(2020 അഡ്മിഷൻ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും, 2018,2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ അഞ്ചു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

...................

ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഹിസ്റ്റോറിക്കൽ സ്റ്റഡീസ്(2021 അഡ്മിഷൻ റഗുലർ), എം.എ ഡെവലപ്മെൻറ് ഇക്കണോമിക്സ്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ അഞ്ചു വരെ ഓൺലൈനിൽ സമർപ്പിക്കാം.

...................

കഴിഞ്ഞ വർഷം നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇക്കണോമിക ്സ്(20162018 അഡ്മിഷൻ സപ്ലിമെൻററി, 2012-2015 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ അഞ്ചു വരെ ഓൺലൈനിൽ സമർപ്പിക്കാം.

...................

നാലാം സെമസ്റ്റർ എം.എ മലയാളം(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ അഞ്ചു വരെ ഓൺലൈനിൽ സമർപ്പിക്കാം.

...................

സ്കൂൾ ഓഫ് ഇൻററനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ് ഏപ്രിൽ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എ പൊളിറ്റിക്സ് ആൻറ് ഇൻററനാഷണൽ റിലേഷൻസ്, എം.എ പൊളിറ്റിക്സ് ആൻറ് ഹ്യൂമൻ റൈറ്റ്സ്, എം.എ പൊളിറ്റിക്സ് -പബ്ലിക് പോളിസ് ആൻറ് ഗവേണൻസ് (202123 ബാച്ച്, ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസസ്, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ അഞ്ചു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1276/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**